# പ്രതികരണങ്ങൾ — 21



**പ്രതികരണങ്ങൾ — 21**
**വായനക്കാർ**
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Painting by Ernesto García Peña, dated 1991, permanently installed in a meeting room of the Hotel Nacional de Cuba.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## E. Madhavan: Chandralekha (Translation)

**കെ. വിനോദ് ചന്ദ്രൻ:** കരുണാകരന്റെ 'ചന്ദ്രലേഖ' എന്ന കഥ കാഴ്ചയെക്കാളേറെ, മണത്തിന്റെയും, തൊടലിന്റെയും, കേൾവിയുടെയും തീക്ഷ്ണതകളിലൂടെയാണ്, ഓർമ്മയുടെ, അനുഭവത്തിന്റെ, ഭാവത്തിന്റെ, ഗതിവിഗതിയെ അങ്കനം ചെയ്യുന്നത്. മണത്തിന്റെയും, ഈണത്തിന്റെയും സ്പർശത്തിന്റെയും കേൾവിയുടെയും ഈ സൂക്ഷ്മ വിന്യാസങ്ങളെ, മങ്ങാതെ, ചോരാതെ, വാടാതെ, ചിലമ്പാതെ, ആംഗലേയത്തിൽ പകർന്നു തരുന്നു ഇ. മാധവന്റെ പരിഭാഷ. മൊഴിമാറ്റം ചെയ്യപ്പെടാതെ ഇരുളിൽ കിടക്കുന്ന വിശിഷ്ടങ്ങളായ പല മലയാളകൃതികളും ശാപമോക്ഷത്തിനായി ഇ. മാധവനെപ്പോലെ സർഗ്ഗസമ്പന്നരായ പരിഭാഷകരെ കാത്തു നിൽക്കുന്നുണ്ട്. കഥാകാരനും, പരിഭാഷകനും അഭിവാദ്യങ്ങൾ.

**ഇ. മാധവൻ:** ശ്രദ്ധേയമായ നിരീക്ഷണങ്ങൾ. നല്ല വാക്കുകൾക്ക് നന്ദി!

## ലളിതാ ലെനിൻ, ഡോ. കെ. എസ്. രവികുമാർ: പെണ്മയുടെ ജനിതകങ്ങൾ

**നന്ദിനി മേനോൻ:** ശ്രീമതി ലളിത ലെനിൻ കവിതകൾ ഹൃദ്യം. മാനം... അവളുടെ വിരൽത്തുമ്പു സ്പർശിക്കുവാനാവില്ല, വിഷത്തിന്റെ പൊള്ളൽ...

## എം. എച്ച്. സുബൈർ: ഇഫ്രീത്തുകൾ

**കെ. സച്ചിദാനന്ദൻ:** സുബൈറിന്റെ കഥ വൈകിയാണ വായിച്ചത്. മതവും ആത്മീയതയും തമ്മിലുള്ള അകലം കൃത്യമായി അടയാളപ്പെടുത്തുന്ന കഥ, കബീർ കഴിഞ്ഞ് അല്ലാമ പ്രഭുവിലെത്തി നിൽക്കുന്ന എന്നോട്ട് പൂർണ്ണമായി സംവദിച്ചു. ഞാൻ ഒമാർ ഖയ്യാമിനെയും ഖലീൽ ജിബ്രാനെയും റൂമിയെയും ഹാഫീസിനെയും ഓർമ്മിച്ചു: ആ ദാർശനിക സംസ്കാരത്തിന്റെ അനുസ്യൂതി ഇവിടെ ഞാൻ കാണുന്നു. അഭിനന്ദനങ്ങൾ: എഴുത്തുകാരനും സായാഹ്നയ്ക്കും.

**നന്ദിനി മേനോൻ:** ഇഫ്രീത്തുകൾ... ചെറുകഥയുടെ കയ്യടക്കമില്ല. നീണ്ടു നീണ്ട ഓർമ്മകളുടെ കൈവഴികളില്ലാത്ത നേർത്ത ഒഴുക്കു പോലെ... അങ്ങിനെ വായിച്ചപ്പോൾ അതിലെ പച്ചയും പതയും ഹൃദ്യമായി തോന്നി...

## എ. ആർ. രാജരാജവർമ്മ: ജീവിതസ്നേഹം

**ഇ. മാധവൻ:** ഒരു നൂറ്റാണ്ട് മുമ്പ് എഴുതിയ ഈ ലേഖനം പ്രമേയത്തിൽ നിത്യനവവും ഭാഷാശൈലിയിൽ ഹൃദ്യവുമായി തോന്നുന്നു. കേരളപാണിനിയുടെ ഓർമ്മയ്ക്ക് മുമ്പിൽ നന്ദിയോടെയും ആദരവോടേയും മനസ്സ് ഏകാഗ്രമായി.

**കെ. സച്ചിദാനന്ദൻ:** ഈ പ്രൗഢപ്രബന്ധത്തിലെ ഇക്കാലത്ത് അപൂർവ്വ ദൃഷ്ടമായ ശൈലിയുടെ വൈചിത്ര്യം അനാകർഷകമല്ലാതിരുന്നിട്ടും ഇതിൽ ഉദാത്തമായി ആവിഷ്കരിക്കപ്പെടുന്ന വിചിന്തനസമ്പ്രദായം നമ്മെ വികർഷിക്കുന്നു എന്നു സമ്മതിപ്പാതെ തരമില്ല തന്നെ. ഇനി ജീവിപ്പാൻ ലഭിക്കുന്ന ഓരോ നിമിഷാർദ്ധവും തീക്ഷ്ണതയോടെ ജീവിക്കെത്തന്നെ അതോരോന്നും നമുക്കു ലഭിച്ച അധികവരദാനം മാത്രമായിക്കാണുന്നതിന്നും ഏതു നിമിഷവും ഇഹലോകത്തെയും അതിലെ നമുക്ക് മമതാവിഷയമായ ചരാചരങ്ങളെയും നിർലേപതയോടെ വെടിഞ്ഞു പോകുന്നതിന്നും നാം ആത്മീയമായി സജ്ജനായിരിക്കയാലാകാം ഇത്തരമൊരു പ്രതീതി നമ്മിലുളവാകുന്നത്. ഈ മമതാനിരാസത്തെ ധാർഷ്ട്യമെന്ന് എണ്ണാതിരിപ്പാൻ കനിവുണ്ടാകണം.

**ഇ. ദിവാകരൻ:** തമ്പുരാനെ വായിച്ചപ്പോൾ എനിയ്ക്കും തോന്നിയത് ഇതുതന്നെ. ജീവിതം അമൂല്യമാണെന്ന് അറിയുമ്പോഴും മരണത്തെ ഒരത്യാഹിതമായി കാണാതിരിക്കാനുള്ള ഒരു മനോഭാവം സ്വാഭാവികമായി വന്നുചേർന്നിരിക്കുന്നു.

## ബി. മുരളി: ജഡങ്ങളിൽ നല്ലവൻ

**കെ. സച്ചിദാനന്ദൻ:** ഒരു കഥാപാത്രം. ഒരു മൂഡ്. ഏറെ വിശദാംശങ്ങൾ. കഥ ഇങ്ങിനെയുമാകാം. നന്നായി. സുനിലിന്റെ ചിത്രങ്ങൾ കഥ പൂരിപ്പിക്കുന്നു.

**രാജൻ പട്ടതോൾ:** ഇതു് സേവിയുടെ കഥയല്ല, കടപ്പുറത്തിന്റെ കഥയാണ്. കടപ്പുറത്തെ 'ആൾക്കൂട്ട'ത്തിലേയ്ക്ക് വായനക്കാരെ കൂടെ കൊണ്ടുപോകുന്ന ആൾ മാത്രമാണ് സേവി.

**നന്ദിനി മേനോൻ:** നല്ല കഥ, സേവി കഥയിൽ കുനിഞ്ഞിരിക്കുന്നു, ചുറ്റും വേറെ ആരുടേയോ കഥ നടക്കുന്നു…

**ശ്രീജിത്ത്:** കടൽ സമയത്തിൽ നിന്ന് ഒപ്പിയെടുത്ത ചിത്രങ്ങൾ പോലെ ഒരു കഥ.

കുടൽ പൊട്ടിയ മത്തി, മണലിൽ നിന്ന് ഉയർന്ന് വന്ന ശംഖ്, മുത്തിറക്കം കഴിഞ്ഞു് മടങ്ങുന്ന തിരകൾ, മാർത്തയുടെ 'ഭംഗിയുള്ള' കോന്ത്രമ്പല്ലുകൾ…

ചിത്രം കഥയിലേയ്ക്ക് കടക്കും മുമ്പേയുള്ള ഉപചിത്രങ്ങൾ…

രണ്ട് തിരവേളകൾക്കിടെയുള്ള ഏതാനും ഭംഗിയുള്ള ഫ്രെയ്മുകളായി കഥ കണ്ടു.

## ആത്മരാമൻ: ഉഞ്ചരം (ചില ഭാഗങ്ങൾ)

**കെ. സച്ചിദാനന്ദൻ:** സുജാതയുടെ (ദേവി) കവിതകളെക്കുറിച്ചുള്ള പഠനമാണ് ഏറ്റവും ശ്രദ്ധേയമായത്. ആ വിവശവശ്യമായ കവിതകളെക്കുറിച്ച് ആരും ഇങ്ങിനെ സമഗ്രമായി, ഉൾക്കാഴ്ച്ചയോടെ എഴുതിക്കണ്ടിട്ടില്ല.

## വിനയ ചൈതന്യ: അക്കമഹാദേവി

**വിനയ ചൈതന്യ:** അക്കമഹാദേവിയുടെ വചനങ്ങൾ ഏതാണ്ട് കന്നഡയിൽ നിന്ന് പദാനുപദം മലയാളത്തിലാക്കിയതാണ്, ഇനി മലയാളത്തിലെ കവികൾ നല്ല മലയാളത്തിലാക്കുമെന്ന പ്രതീക്ഷിക്കുന്നു.

**കെ. സച്ചിദാനന്ദൻ:** ഞാൻ മുമ്പേ സായാഹ്നയ്ക്കു കൊടുത്തിരിക്കുന്നു—തിരഞ്ഞെടുത്തവ ചെയ്തതു്.

**കെ. ജി. എസ്.:** നന്നായി. നല്ല കൃതി അർഹിക്കുന്നുണ്ട് ധാരാളം വിവർത്തനങ്ങൾ. ഓരോ വിവർത്തനവും എനിക്ക് ഓരോ അനുഭവം. കൂടുതൽ അടുത്ത് കാണാവുന്നൊരു കാലം, തെളിഞ്ഞു കാണാവുന്നൊരു ലോകം, തുറക്കുന്നു.

ശാകുന്തളത്തിനു മലയാളത്തിൽ മുപ്പതിലേറെയുണ്ട് വിവർത്തനം. പലതും വ്യത്യസ്ത സാഫല്യങ്ങൾ.

സച്ചിയുടെ ‘അക്കമൊഴിയുന്നു’ എന്ന കവിതയും വരട്ടെ. അക്ക അനുഭവം കൂടുതൽ ഗാഢമാവട്ടെ.

(ഒക്ടോബർ 11 മുതൽ 17 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളതു്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014